(എഫ്) സ്വകാര്യ പ്രസ്സുകൾക്ക് അച്ചടി പേപ്പറിനും പൾപ്പു ബോർഡിനും ഒരു നിറത്തിന് ഒരു ശതമാനം എന്ന നിരക്കിൽ പരമാവധി നാലു ശതമാനം വരെ വേസ്റേറജ് നൽകുന്നുണ്ട്. കെ. ബി. പി. എസി.-ന് സാധാരണ പ്രിൻറിംഗ് യന്ത്രത്തിന് ആറു ശതമാനവും അതിവേഗ വെബ് യന്ത്രത്തിന് എട്ടു ശതമാനവുമാണ് വേസ്റേറജ് നൽകുന്നത്. സർക്കാർ പ്രസ്സുകൾക്ക് കറുപ്പും വെളുപ്പും അച്ചടിക്ക് റീൽ പേപ്പറുകൾക്ക് ആറു ശതമാനവും ഷീററു പേപ്പറുകൾക്ക് രണ്ടു ശതമാനവുമാണ് വേസ്റേറജ് നൽകുന്നത്. ഏകദേശം ഒരുകോടി രൂപയുടെ അധികച്ചെലവുണ്ടാകും.

(ജി) ഏകദേശം 35,64,904 രൂപ.

എസ്. എസ്. എ. ഫണ്ടിൽ നിന്നും നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന തുകയ്ക്ക് നികുതി

201 [1595] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്. എസ്. എ. ഫണ്ട് ഉപയോഗിച്ച് പി. ടി. എ.-യുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനുപയോഗിക്കുന്ന തുകയിൽ നിന്നും വിവിധതരം നികുതികൾ ഈടാക്കാറുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ തരം നികുതികൾ ഈടാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നികുതി ഈടാക്കുന്നത് കാരണം ഗ്രാമീണ മേഖലയിലെ സ്കൂൾ പി. ടി. എ.-കൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എസ്. എസ്. എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നികുതി ഈടാക്കുന്ന നടപടി ഒഴിവാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സെയിൽ ടാക്സ് 5.6 ശതമാനവും അതിന്റെ 15 ശതമാനം അഡീഷണൽ സെയിൽ ടാക്സും, ഒരു ശതമാനം വർക്കേഴ്സ് വെൽഫയർ ഫണ്ടിനത്തിലും പിരിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly